എ.കെ അസീസ്

# പൊതുവിദ്യാഭ്യാസരംഗം എങ്ങോട്ട്?

**പൊതുവിദ്യാഭ്യാസരംഗത്ത്** ഇപ്പോൾ പരിഷ്കരണങ്ങളുടെ പെരുമഴക്കാലമാണ്. സംസ്ഥാനത്ത് വ്യത്യസ്ത പ്രവർത്തന പരിപാടികൾ ഈ വിഷയകമായി ആരംഭിച്ചു കഴിഞ്ഞു. -2 മുതൽ +2 വരെയുള്ള സമഗ്ര പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ സമീപനരേഖ 'കേരള പാഠ്യപദ്ധതി ചട്ടക്കൂട്-2007' ചർച്ചകൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സമീപനരേഖയിൽ പരാമർശിക്കപ്പെട്ട നിരവധി വിഷയങ്ങൾ വിവാദമായ സാഹചര്യത്തിൽ കാര്യമായ ചർച്ചകൾക്കു ശേഷം മാത്രമേ നടപ്പിലാക്കൂ എന്ന് വിദ്യാഭ്യാസ മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ പുതിയ അക്കാദമിക വർഷത്തിൽ ധിറുതിയിലുള്ള ചില പരിഷ്കരണ സംരംഭങ്ങൾ നടപ്പിലാക്കിവരുന്നതായി കാണുന്നു. ഒരേസമയം വിവിധ പരിഷ്കരണങ്ങൾ ഇത്രമേൽ വേഗത്തിൽ എന്തിന് നടപ്പിലാക്കുന്നു എന്ന് പലരും സംശയിക്കുന്നു. 2007 ലെ എസ്.എസ്.എൽ.സി പരീക്ഷാഫലം 82% ശതമാനം കവിഞ്ഞിട്ടുണ്ട്. 'സേ' പരീക്ഷ കഴിഞ്ഞാൽ ഇത് 90% ശതമാനത്തിലധികമാവാൻ സാധ്യതയുണ്ടെന്നാണ് വിദ്യാഭ്യാസ വകുപ്പിന്റെ കണക്കുകൂട്ടൽ. അപ്രകാരം തന്നെയാണ് ഹയർ സെക്കന്ററി ഫലത്തെക്കുറിച്ച നിഗമനങ്ങളും. പരീക്ഷാ ഫലത്തിലുണ്ടായ ഈ കുതിച്ചു കയറ്റംഅന്വേഷണവിധേയമാക്കുമെന്ന് ചില പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും അപ്രകാരമൊരു നിർദേശം വിദ്യാഭ്യാസവകുപ്പിൽനിന്നുണ്ടായിട്ടില്ല എന്ന് മന്ത്രി തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. വിജയശതമാനത്തിലുണ്ടായ വർധനവിന്റെ പശ്ചാത്തലത്തിൽ ചർച്ചക്ക് മാറ്റിവെച്ച പലതും മറ്റ് വഴികളിലൂടെ നടപ്പിലാകുന്നതാണ് ഇപ്പോൾ നാം കാണുന്നത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന നിലയിൽ പൊതു വിദ്യാഭ്യാസരംഗത്ത് കൂടുതൽ ചുവടുകൾ വെക്കുകയാണെന്നാണ് വിദ്യാഭ്യാസ വകുപ്പ് അവകാശപ്പെടുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസമെന്നാൽ ഓർമശക്തി പരിശോധിക്കലല്ലെന്നും കഴിവു വളർത്തിയെടുക്കലാണെന്നുമുള്ള വാദങ്ങൾ ഉയർന്നിരിക്കുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനു വേണ്ടി വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും പഠന രീതിയിലും മൂല്യനിർണയത്തിലും വരുത്തിയ മാറ്റങ്ങൾ ശക്തിപ്പെടുത്തണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. ഗുണമേന്മ കുറഞ്ഞുപോയെന്നും പൊതുവിദ്യാഭ്യാസത്തെ ഇത്തരം പരിഷ്കരണങ്ങൾ തകർത്തുകൊണ്ടിരിക്കുകയാണെന്നുമുള്ള മറുവാദവും ശക്തമാണ്. ആശങ്കകൾ ദൂരീകരിക്കപ്പെടുംവിധം ശാസ്ത്രീയമായ പഠനവിശകലനം നടത്തുന്നതിനു പകരം ഒരു വിഭാഗത്തിന്റെ വാദത്തോടൊപ്പം സർക്കാർ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണുള്ളത് .

പുതിയ അക്കാദമിക വർഷം കാര്യക്ഷമതാ വർഷമായി ആചരിക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി 200 പ്രവൃത്തി ദിനങ്ങൾ / 1000 പ്രവൃത്തി മണിക്കൂർ വിദ്യാർഥികൾക്ക് ഉറപ്പാക്കണമെന്നാണ് നിർദേശം. പല കാരണങ്ങളാലും പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം കേരളത്തിൽ കൂടുതലാണ്. ഇത് പരിഹരിക്കാൻ സ്കൂൾ കലാ-കായിക മത്സരങ്ങൾ, മറ്റു പരിപാടികൾ എന്നിവയെല്ലാം അവധി ദിവസങ്ങളിൽ നടത്താൻ സ്കൂളുകൾക്ക് നിർദേശം നൽകുമെന്ന് പറയപ്പെടുന്നു. ഇതിനിടയിലാണ് ശനിയാഴ്ചയടക്കമുള്ള അവധിദിവസങ്ങളിൽ സ്കൂൾ പ്രവർത്തിക്കണമെന്ന നിർദേശം വിവാദമായത്.

ജൂൺ ഒന്നിന് പഞ്ചായത്ത് സ്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കണമെന്നും രണ്ടിന് സ്കൂൾതല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നുമുള്ള നിർദേശമാണ് കാര്യക്ഷമതാ വർഷാചരണത്തിന്റെ ഭാഗമായി സർക്കാർ മുന്നോട്ടുവെച്ചിട്ടുള്ളത്. വിദ്യാഭ്യാസവ്യവസ്ഥയുടെ പുനഃസംഘാടനവുമായി ബന്ധപ്പെട്ട കരടുരേഖയിലെ നിർദേശങ്ങളുടെ വിപുലീകരണമായാണ് ഈ നടപടികളെ കാണേണ്ടത്. കാര്യക്ഷമതാ വർഷം ആചരിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളുടെ ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന പ്രക്രിയയാണിത്. ഓരോ പഞ്ചായത്തിന്റെയും കീഴിലുള്ള സ്കൂളുകളിലെ അക്കാദമിക നിലവാരം, പഠന സാഹചര്യം എന്നിവ ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ രൂപപ്പെടുത്തിയെടുക്കുന്നതിനുമാണ് സ്കൂൾ കോംപ്ലക്സുകൾ രൂപീകരിക്കുന്നത്. പഞ്ചായത്ത് തലത്തിലുള്ള ഇത്തരം വിദ്യാലയക്കൂട്ടായ്മകളുടെ മേൽനോട്ടം വഹിക്കാൻ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ വൈസ് ചെയർമാനുമായി പഞ്ചായത്തുതല വിദ്യാഭ്യാസ സമിതി രൂപീകരിച്ചിരിക്കുന്നു.

ഇത്തരം സമിതികളുടെ അധികാരവും പരിധിയും എത്രയാണെന്ന് ഇനിയും വിശദീകരിക്കപ്പെട്ടിട്ടില്ല. കേരളത്തിൽ തൊണ്ണൂറുകളുടെ തുടക്കത്തിൽ ശിവപുരം, ധർമടം, മടിക്കൈ തുടങ്ങിയ സ്ഥലങ്ങളിൽ സ്കൂൾ കോംപ്ലക്സുകൾ പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന്റെ ഫലങ്ങൾ എന്തായിരുന്നുവെന്ന് വിശദീകരിക്കാനോ പൊതുസമൂഹത്തെ ബോധ്യപ്പെടുത്താനോ ഒരു ശ്രമവും ഇതേവരെ നടത്തിയിട്ടില്ല. മടിക്കൈ പഞ്ചായത്ത് വിദ്യാഭ്യാസസമിതി ചേർന്ന് ഈ വർഷം പഠനസമയം രാവിലെ എട്ടര മുതൽ ഒന്നര വരെയായി നിശ്ചയിച്ചിരിക്കുന്നു. പരിഷ്കരണത്തിന്റെ ഭാഗമായി സർക്കാർ നിശ്ചയിച്ചിട്ടുള്ള കെ.ഇ.ആർ പരിഷ്കരണ കമ്മിറ്റി ചർച്ചക്കു വേണ്ടി തയാറാക്കിയിട്ടുള്ള കരടുരേഖയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് വ്യത്യസ്തങ്ങളായ അധികാരം നൽകാനുള്ള നിർദേശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഒരു പ്രമുഖ അധ്യാപക സംഘടന പഠനസമയം രാവിലെ 9 മുതൽ വൈകീട്ട് അഞ്ച് വരെ ആയിരിക്കണമെന്ന നിർദേശം കെ.ഇ.ആർ പരിഷ്കരണ കമ്മിറ്റിക്ക് മുമ്പാകെ സമർപ്പിച്ചിരിക്കുന്നു. ഒരേസമയം വിദ്യാഭ്യാസ വ്യവസ്ഥയുടെ പുനഃസംഘാടനവും അതിനനുസരിച്ചുള്ള വിദ്യാഭ്യാസ മാറ്റവുമാണ് സർക്കാറിന്റെ മുമ്പിലുള്ള ഇപ്പോഴത്തെ അജണ്ട. കേരള പാഠ്യപദ്ധതി കരട് സമീപന രേഖ ഒരു വശത്ത് ചർച്ചക്ക് വെച്ചിരിക്കുകയും അതിലടങ്ങിയിട്ടുള്ള പല നിർദേശങ്ങളും തീരെ സുതാര്യമല്ലാതെ നടപ്പിലാക്കിവരികയുമാണ് സർക്കാർ ഇപ്പോൾ ചെയ്യുന്നത്. ഒരോ സമൂഹത്തിനും അവരുടെ സാംസ്കാരിക സ്വത്വസംരക്ഷണത്തിനുള്ള ഇടം ചുരുങ്ങിവരികയാണ്. സ്കൂൾ സമയമാറ്റം കേരളത്തിലെ മദ്റസാ പ്രസ്ഥാനത്തെ തകർക്കുമെന്നതിനാൽ മുസ്‌ലിം സമുദായം എതിർക്കുകയാണ്. എന്നാൽ ഇത്തരം എതിർപ്പുകളെ തന്ത്രപരമായി മറികടക്കുകയാണ് സർക്കാർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ■